# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

# വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി1/ 11/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

തീയതി.17/01/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-10, 3-16, 3-18 എന്നീ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ഡബ്ള്യു.വൈ.ഡി.പി1/11/2017

തിയ്യതി:17/01/2017.

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.14.4.16 തിയ്യതി മുതൽ 23.12.16 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ

എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . ചക്രേശ്വര.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ<br>04.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.എസ്.വസന്ത<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷാജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനോഹരൻ.എ.വി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | സി.പി. പുഷ്പലത | 01.04.2015 മുതൽ<br>30.09.2015 വരെ |
| | പി.എം.നാസർ | 1.11.2015 മുതൽ<br>31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | പി.ഉസ്മാൻ | 01.04.2015 മുതൽ<br>31.10.2015 വരെ |
| | ജെസ്സി ജോണി | 01.11.2015 മുതൽ<br>31.3.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | സി രാധാമണി | 01.04.2015മുതൽ<br>30.09.2015 വരെ |
| | കെ.വി.രാജൻ | 1.11.2015 മുതൽ<br>31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി(ക്ഷേമകാര്യം) | ഇ.സലിം | 01.04.2015 മുതൽ<br>30.09.2015 വരെ |
| | ഒ.ബി.വസന്ത | 01.11.2015 മുതൽ<br>31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം | ഒ.ബി.വസന്ത | 01.04.2015 മുതൽ<br>30.09.2015 വരെ |

| | | |
|---|---|---|
| വിദ്യാഭ്യാസം ) | പി.ഉസ്മാൻ | 1.11.2016 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | കെ.വി.മത്തായി | 01.04.2015 മുതൽ<br>10.04.2015 വരെ |
| | കെ.വി.ജയകൃഷ്ണൻ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 16.04.2015 മുതൽ<br>05.05.15 വരെ |
| | കെ.വി.മത്തായി | 05.05.15 മുതൽ 19.08.2015വരെ |
| | സി.പി.പ്രദീപൻ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 21.08.2015മുതൽ19.9.15 വരെ. |
| | എൻ.എ.ജയരാജൻ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 3.10.15മുതൽ<br>23.12.15വരെ. |
| | സി.കുട്ടൻ | 24.12.15മുതൽ<br>31.3.16വരെ. |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.നസ്റുൾ ഇസ്ലാം. | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1.ലവ് ലി മാത്യു.<br>2.മോളി സെബാസ്റ്റ്യൻ. | 1.4.2015മുതൽ 20.11.15 വരെ<br>21.11.15 മുതൽ<br>31.3.16വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ധന്യരാജൻ | 1.4.2015 മുതൽ 31.3.2016 വരെ |
| വി ഇ ഒ | 1.സലാം.കെ<br>2.ജോയിസി.പി<br>3.റിനിൽ റോക്കി | 1.4.15 മുതൽ<br>14.5.15വരെ<br>15.5.2015 മുതൽ 13.12.2015 വരെ<br>14.12.2015 മുതൽ<br>31.3.16വരെ |
| കൃഷി ഓഫീസർ | എമിൽ ജോസ് | 1.4.2015 മുതൽ 31.3.2016 വരെ |
| അസി .എഞ്ചിനീയർ | മുനവർ | 1.4.15 മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | 'ടി.കെ ഹസ്സൻ | 1.4.2015 മുതൽ<br>31.3.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.അനിത | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വദം | 1.ഡോ.സിനി.<br>2.ഡോ.സ്മിത<br>3.ഡോ.ഹരിശങ്കർ | 1.4.2015 മുതൽ 2.7.2015 വരെ<br>3.7.15മുതൽ<br>20.11.15വരെ<br>21.11.15 മുതൽ<br>31.3.16വരെ |
| ടി.ഇ.ഒ | 1.ശ്രീജകുമാരി.എ.വി.<br>2.പ്രദീപ്കുമാർ എൽ.പി | 1.4.2015മുതൽ 30.7.2015 വരെ<br>30.7.2015മുതൽ<br>31.3.16വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| | | | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ് | 2-1 | |
| 13 | പാലിയേറ്റീവ് കെയർ (ഹോം കെയർ) വാഹന വാടകയിനത്തിൽ 4000രൂപ അധികം നല്കി. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 9479 രൂപയ്ക്ക് ഫർണ്ണിച്ചർ വാങ്ങി. | 3-1 | |

| | | | |
|---|---|---|---|
| | | | |
| 14 | പി.എച്ച്.സി.ലാബിനുള്ളസാമഗ്രികൾവാങ്ങൽ-ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.149959 രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 15 | എൻ.എച്ച്.എം പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - തുക നൽകി 10 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചിട്ടില്ല.52700 രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 16 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 2,55,466 രൂപ തിരിച്ചടച്ചിട്ടില്ല. | 3-4 | |
| 17 | മീഡിയാശ്രീ പദ്ധതി പൂർത്തീകരിച്ചില്ല-65,000രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | |
| 18 | വൃദ്ധ വികലാംഗർക്ക് സ്വയം തൊഴിൽ(പെട്ടിക്കട)-തുക ചെലവഴിച്ചിട്ടില്ല. | 3-6 | |
| 19 | ഒരേ ലക്ഷ്യത്തിന് വിവിധ പദ്ധതികൾ നടപ്പാക്കി. | 3-7 | |
| 20 | വിനിയോഗ വിവരം ലഭ്യമല്ല-18,70,285 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 | |
| 21 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി സറണ്ടർ -2,250അധികം അനുവദിച്ചു. | 3-9 | |

| | | | |
|---|---|---|---|
| 22 | വൗച്ചറുകൾക്കൊപ്പം ബില്ലുകൾ/രേഖകൾ സമർപ്പിച്ചിട്ടില്ല-ചെലവ് തുക നിരാകരിക്കുന്നു. | 3-10 | |
| 23 | തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മുൻകൂർ തുക നൽകി-തുക ക്രമീകരിച്ചിട്ടില്ല. | 3-11 | |
| 24 | സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി-തുക തടസ്സപ്പെടുത്തുന്നു. | 3-12 | |
| 25 | നെൽകൃഷി പ്രോത്സാഹനം കൂലിച്ചെലവ് നൽകൽ -സംയുക്ത പ്രൊജക്റ്റ് നടപ്പിലാക്കൽ -മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 3-13 | |
| 26 | സമഗ്ര കുരുമുളക് കൃഷി വ്യാപനം-കുരുമുളക് തൈ കൈപ്പറ്റ് വിവരം ലഭ്യമല്ല. | | |
| 27 | മണ്ണിട്ട് നികത്തൽ -കട്ട് ചെയ്ത മണ്ണ് ഉപയോഗിച്ചില്ല | | |
| 28 | ടെണ്ടർ കുറവ് സ്വീകരിച്ചില്ല.നഷ്ടം 7,950 / രൂപ | | |
| 29 | കോളനി നടപ്പാത നിർമ്മാണം-എസ്റ്റിമേറ്റിൽ ഉൽപ്പെട്ട പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. | | |
| 30 | എഗ്രിമെന്റ് വെക്കാൻ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല. | | |

| | | | |
|---|---|---|---|
| | | | |
| | ഭാഗം 4- പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 23.02.2015 തീയതിയിലെ 7/2016(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും

തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 347568 | 16364399 | 16016831 | |
| വരവ് | 94988371 | 28280222 | - | 66708149 |
| ആകെ | 95335939 | 44644621 | - | 50691318 |
| ചെലവ് | 93410656 | 36686244 | - | 56724412 |
| നീക്കിയിരുപ്പ് | 1925283 | 7958377 | 6033094 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 31.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 3.1.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16364399 |

| | |
|---|---|
| വരവ് | 28280222 |
| ആകെ | 44644621 |
| ചെലവ് | 36686244 |
| നീക്കിയിരിപ്പ്- | 7958377 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 624002 | 10919759 | 11543761 | 5149421 | 6394340 | 44.6% |
| വികസനഫണ്ട് എസ്.സി.പി. | 503779 | 505000 | 1008779 | 703378 | 305401 | 69.72 |
| വികസനഫണ്ട് ടി.എസ്.പി. | 4544281 | 5773813 | 10318094 | 9778907 | 539187 | 94.7 |
| സംരക്ഷണഗ്രാന്റ് റോഡ് | 1738936 | 5040000 | 6778936 | 4959068 | 1819868 | 73.15 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1083879 | 2319999 | 3403878 | 1563869 | 1840009 | 45.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1746225 | 2000399 | 3746624 | 3746624 | - | 100 |
| ജനറൽ പർപസ് ഗ്രാന്റ് | 832001 | 3566890 | 4398891 | 3348837 | 1050054 | 76.12 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 36570621 | 125 | 24523430 | | 51 | 71.02 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം രൂപ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1637737 | 1570570 | 67167 | 4(-) |
| നികുതിയേതര വരവുകൾ | 458340 | 445670 | 12670 | 2.8(-) |
| മറ്റുവരവുകൾ | – ----- | -------- | --------- | ------- |
| ആകെ | 2096077 | 2016240 | 79837 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 55 | 77040 |
| കർഷകതൊഴിലാളി പെൻഷൻ | 361 | 2634990 |
| വിധവാപെൻഷൻ | 413 | 3978280 |
| വാർദ്ധക്യകാലപെൻഷൻ | 406 | 3357360 |
| വികലാംഗപെൻഷൻ | 105 | 997940 |
| അവിവാഹിത പെൻഷൻ | 3 | 24800 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.1.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 225/- രൂപ (ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട് .ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ ഒപ്പിടുന്നില്ല. ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൽ കസ്റ്റോഡിയൻ ഓഫീസർ ഒപ്പ് വെക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.16 മുതൽ 20.12.16 വരെ | 7/16,8 /16,9/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.4.11മുതൽ 30.4.11വരെ | 4/2006 മുതൽ 3/2011 വരെ | 4.6.2011 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ്

2015-16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ക്രമനനമ്പർ | വർഷം | സ്ഥാപനം | ഒന്നാം അർദ്ധവർഷം പിരിച്ചെടുത്ത നികുതി രശീതി നം. | രണ്ടാം അർദ്ധവർഷം പിരിച്ചെടുത്ത നികുതി രശീതി നം |
|---|---|---|---|---|
| 1 | 2015-16 | വെങ്ങപ്പള്ളി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് | 1250/-, 11501100648 തിയതി. 1.10.2015 | ഒടുക്കിയിട്ടില്ല |
| 2 | 2015-16 | തെക്കുംതറ സർവ്വീസ് സഹകരണ ബാങ്ക് | 1650/-, 11501100651 തിയതി. 1.10.2015 | ഒടുക്കിയിട്ടില്ല |
| 3 | 2015-16 | മാടക്കുന്ന് പോസ്റ്റ്ഓഫീസ് | 1050/-, 11501100604 തിയതി. 3.10.2015 | ഒടുക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | | |
| 4 | 2015-16 | വയനാട് ഗ്രാനൈറ്റ്സ് (ക്രഷർ) | 600/-,11501100564<br>തിയതി. 10.09.2015 | ഒടുക്കിയിട്ടില്ല |
| 5 | 2015-16 | എംഎം റ്റി കൺസ്ട്രക്ഷൻ കമ്പനി | 2700/-, 11501100848<br>തിയതി. 19.10.2015 | ഒടുക്കിയിട്ടില്ല |
| 6 | 2015-16 | എംഎംറ്റി കൺസ്ട്രക്ഷൻ കമ്പനി(ക്രഷർ) | 1800/-, 11501100849<br>തിയതി. 19.10.2015 | ഒടുക്കിയിട്ടില്ല |
| 7 | 2015-16 | സെൻറ്മേരീസ് ക്വാറി യൂണിറ്റ് | 1800/-, 11501100869<br>തിയതി. 21.10.2015 | ഒടുക്കിയിട്ടില്ല |
| 8 | 2015-16 | വെങ്ങപ്പള്ളി ക്വാറി യൂണിറ്റ് | 1800/-, 11501100952<br>തിയതി. 20.11.2015 | ഒടുക്കിയിട്ടില്ല |
| 9 | 2015-16 | ക്രഷ്ണഗിരി സ്റ്റോൺ ക്രഷർ 1441/15-16 | 2100/-, 11501100926<br>തിയതി. 11.11.2015 | ഒടുക്കിയിട്ടില്ല |
| 10 | 2015-16 | ക്രഷ്ണഗിരി സ്റ്റോൺ ക്രഷർ 1440/15-16 | 2250/-, 11501100925<br>തിയതി. 11.11.2015 | ഒടുക്കിയിട്ടില്ല |
| 11 | 2015-16 | മിൽക്ക് സൊസൈറ്റി വെങ്ങപ്പള്ളി | 1200/-, 11501100975<br>തിയതി. 26.11.2015 | ഒടുക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 12 | 2015-16 | പോസ്റ്റ് ഓഫീസ്, പുഴമുടി | 1350/-, 1150110033<br>തിയതി. 29.07.2015 | ഒടുക്കിയിട്ടില്ല |
| ആകെ | | | | 19550/- |

2015-16 ഒന്നാം അർദ്ധ വർഷം 19550/- രൂപ മേൽ കാണിച്ച 12 സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുത്തു. എന്നാൽ 2015-16 രണ്ടാം അർദ്ധ വർഷം മേൽ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2013-14, 2014-15 വർഷത്തിലെ കുടിശ്ശിക 2015-16 വർഷം ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | സ്ഥാപനം | 2013-14 ലെ കുടിശ്ശിക | 2013-14 ലെ കുടിശ്ശിക ഒടുക്കിയ തിയ്യതി രശീത് നം | 2014-15 ലെ കുടിശ്ശിക | 2014-15 ലെ കുടിശ്ശിക ഒടുക്കിയ തിയ്യതി രശീത് നം |
|---|---|---|---|---|---|
| 1 | കമല, എസ്റ്റേറ്റ് | 900 | 11501100976<br>തിയ്യതി.26.11.2015 | - | - |
| 2 | പോസ്റ്റ് ഓഫീസ്, പുഴമുടി | 1350<br>1350 | 1150110034<br>തിയ്യതി.29.07.2015<br>11501100335<br>തിയ്യതി.29.06.2015 | 1350<br>1350 | 11501100694<br>തിയ്യതി.08.10.2015<br>11501100335<br>തിയ്യതി.29.06.2015 |
| 3 | എ. എം ബേബി | കുടിശ്ശിക വർഷം-2007-08-180രൂപ | കടിശ്ശിക ഒടുക്കിയ തീയ്യതി11501101172<br>തിയ്യതി.19.01.2016 | | |
| | ആകെ | | 6480/- | | |

മേൽ കാണിച്ച സ്ഥാപനത്തിൽ നിന്നും കുടിശ്ശിക ഒടുക്കമ്പോൾ പിഴ ഈടാക്കിയിട്ടുണ്ടോ? 2015-16 രണ്ടാം അർദ്ധവർഷം നികുതി ഈടാക്കത്തതും പിഴപ്പലിശ ഈടാക്കിയതു സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം 13/30.12.16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയർ (ഹോം കെയർ) വാഹന വാടകയിനത്തിൽ 4000രൂപ അധികം നല്കി. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 9479 രൂപയ്ക്ക് ഫർണ്ണിച്ചർ വാങ്ങി.

പ്രൊജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ (ഹോം കെയർ)

പ്രൊജക്ട് നമ്പർ - എസ്.0053/16

അടങ്കൽ - 305529/- വികസനഫണ്ട്.

ചെലവ് - 305529,

ബിൽ നം.

a) 2/15-16/13.08.2015 – 62750

b) 4/15-16/22.09.2015 – 43100

c) 5/15-16/18.12.2015 – 22350

d) 7/15-16/16.01.2016 - 44600

e) 9/15-16/18.03.2016 – 44600

f) 11/15-16/29.03.2016 – 30000

g) 13/15-16/30.03.2016 – 58129

ആകെ – 305529

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പിഎച്ച്സി, വെങ്ങപ്പള്ളി.

2015-16 ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ (ഹോംകെയർ) എന്ന പ്രൊജക്ടിന് വികസന ഫണ്ടിൽനിന്ന് 305529/- രൂപ വകയിരുത്തിയിരുന്നു.

ആകെ ചെലവഴിച്ച 305529/- രൂപയിൽ വാഹന വാടകയിനത്തിൽ 110400/- രൂപയും (4/2015- 25200/- രൂപ, 7/15,8/15 – 9600/- രൂപ, 10/15,11/15-19200/- രൂപ,12/15,1/16-19200/- രൂപ 2/16,3/16-19200/-രൂപ) ഫർണ്ണിച്ചർ വാങ്ങിയ ഇനത്തിൽ 9479/- രൂപയും (അലമാര-5300/-, ടേബിൾ-4179/-) ഉൾപ്പെടുന്നു. സർക്കാർ ഉത്തരവ് ജി.ഒ(ആർടി)3217/2015, തസ്വഭവ 29.10.2015 പ്രകാരം പാലിയേറ്റീവ് (ഹോംകെയർ) വാഹന ഉപയോഗത്തിന് ഒരു ദിവസം നൽകുന്ന പരമാവധി വാടക 1100/- രൂപയാണ്. 11/2015, 12/2015, 1/2016, 2/2016, 3/2016 എന്നീ മാസങ്ങളിൽ ആകെ വാഹനം ഉപയോഗിച്ചത് മാസം 8 ദിവസം എന്നതോതിൽ 40 ദിവസമാണ്. വാഹന വാടകയിനത്തിൽ നൽകിയത് 48000/- രൂപയാണ്.

എന്നാൽ 40 ദിവസത്തെ ദിവസ വാടകയിനത്തിൽ 1100/- രൂപ നിരക്കിൽ ആകെ നൽകാനാവുന്ന തുക 44000/- രൂപയാണ്. ഈയിനത്തിൽ 4000/- രൂപ അധികം നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖയിൽ ഫർണ്ണിച്ചർ വാങ്ങുന്നതിന് അനുമതിയില്ലാതിരുന്നിട്ടും 9479/- രൂപയ്ക്ക് ഫർണ്ണിച്ചർ വാങ്ങിയിട്ടുമുണ്ട്.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 14/30.12.16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4000/- രൂപ നിരാകരിക്കുകയും, ഫർണ്ണിച്ചർ വാങ്ങിയ 9479 തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-2 പി.എച്ച്.സി.ലാബിനുള്ളസാമഗ്രികൾവാങ്ങൽ–ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.149959 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. - S0018/16

പ്രൊജക്ടിൻറെ പേര് - പിഎച്ച്സി ലാബിനുള്ള സാമഗ്രികൾ വാങ്ങൽ

അടങ്കൽ - 1,50,000/- (മെയിൻറനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 107687/- രൂപ ബിൽ നം8/15-16, 03-01-2016

42272/-,രൂപ ബിൽ നം 12/15-16, 29-03-2016

ആകെ - 149959/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ

2015-16 വർഷത്തിൽ പി.എച്ച്.സി. ലാബിനുള്ള സാമഗ്രികൾ വാങ്ങൽ എന്ന പ്രൊജക്ടിന് ബിൽ നം. 8/15-16 ആയി 107687/- രൂപ ചെലവഴിച്ച് താഴെ പറയുന്ന സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

1)

1. Computer With C p u 1/15-16 (വൌച്ചർനം) 34807 രൂപ
2. Micro Pippet 2/15-16 " 10500 രൂപ
3. Binocular Microscope 3/15-16 " 50350 രൂപ
4. Software Installation 4/15-16 " 12000 രൂപ

ആകെ 107687/- രൂപ

കൂടാതെ ബിൽനം 12/15-16 തിയതി. 29.05.2016 ആയി 42272/- രൂപ ചെലവഴിച്ച് താഴെ പറയുന്ന സാധനസാമഗ്രികളും വാങ്ങിയിട്ടുണ്ട്.

2)

a) Reagent & article 5/15-16 (വൌച്ചർനം) 1477 7രൂപ

b)Steel almirah 6/15-16 " 7000 രൂപ

c)Glucose,tissue paper 7/15-16 " 1658 രൂപ

d)Aluminium box,

e) Glass stand 8/15-16 " 13645 രൂപ

f)Needle distroyer 9/15-16 " 5192/- രൂപ

പ്രോജക്ടിൽ ഹീമറ്റോളജി അനലൈസർ വാങ്ങുന്നതിനും കൂടിയണ് തുക

വകയിരുത്തിയതെങ്കിലും ആയത് വാങ്ങാതെ മറ്റ് സാമഗ്രികളാണ് വാങ്ങിയത്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം .16/30.12.16 നൽകിയെങ്കിലും മറുപടി

ലഭിച്ചിട്ടില്ല. പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന ഹീമറ്റോളജി അനലൈസർ വാങ്ങാതെ മുഴുവൻ തുകയും മറ്റ് സാധന സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ പഞ്ചായത്ത് തീരുമാനം, റിവൈസ്ഡ് പ്രോജക്ട് എന്നിവ ഫയലിൽ ലഭ്യമല്ല. അതിനാൽ ചെലവഴിച്ച149959/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 എൻ.എച്ച്.എം പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ - തുക നൽകി 10 മാസം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചിട്ടില്ല.52700 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. :- S0017/16

പ്രൊജക്ടിൻറെ പേര് :- ഹോമിയോ ഡിസ്പൻസറിക്ക മരുന്ന് വാങ്ങൽ

അടങ്കൽ :- 200000/- (മെയിൻറനൻസ് ഫണ്ട് റോഡിതരം)

ബിൽ നം :- 6/15-16, 15/12/15

ചെലവ് :- 200000/-

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ,പിഎച്ച്സി.വെങ്ങപ്പള്ളി

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആയുഷ് എൻഎച്ച്എം പ്രൈമറി ഹെൽത്ത് സെൻററിന് 2015-16 വർഷം മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, പിഎച്ച്സി, വെങ്ങപ്പള്ളി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടിൽ മരുന്ന് ലഭ്യമാക്കാൻ The Kerala State Homeopathic Co-operative Pharmacy LTD, Paripally Alapuzha എന്ന സ്ഥാപനത്തിന് 200000/- നൽകിയിട്ടുണ്ട്. 200000/- രൂപ കൈപ്പറ്റിയ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് (രശീതിനം.1190 തിയ്യതി. 15/02/2016) അക്കൗണ്ട് നം.130021001400023 തിയതി. 22/12/2016 വയനാട് ജില്ല സഹകരണ ബാങ്ക്) 15.02.2016 ന് 200000/- രൂപ നൽകിയിട്ടുണ്ടെങ്കിലും 147,300/- രൂപയുള്ള മരുന്ന് മാത്രമേ ഇതുവരെ ലഭ്യമാക്കിയിട്ടുള്ളു. (Tax Invoice No. KSHCPL LF-344 Date. 13/07/2016) ബാക്കി 52700/- രൂപക്കുള്ള മരുന്ന് തുക കൈപ്പറ്റിയിട്ട് 10 മാസം കഴിഞ്ഞിട്ടും ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 15/30.12.16 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 52700/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 2,55,466 രൂപ തിരിച്ചടച്ചിട്ടില്ല.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഇടപാടുകൾ നടത്തുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം.40141100108341 ൽ 07.04.2016 ന് 2,55,466/- രൂപ നീക്കിയിരിപ്പ് തുകയുണ്ട്. ഈ തുക ഏതോക്കെ വർഷങ്ങളിൽ ഏതൊക്കെ പദ്ധതികൾക്ക് പിൻവലിച്ചതാണെന്ന് പരിശോധിച്ച് ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരിച്ചടച്ച്

ഓഡിറ്റിന് വിവരം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം. 3/15-16/26.12.16 നൽകിയെങ്കിലും വിവരം നൽകിയിട്ടില്ല. തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 മീഡിയാശ്രീ പദ്ധതി പൂർത്തീകരിച്ചില്ല-65,000രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - S-51/16

പ്രോജക്റ്റിന്റെ പേര് - മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥർ - വി.ഇ.ഒ

അടങ്കൽ - 65,000

ചെലവ് - 65,000

ബിൽ നം/തീയ്യതി - 1/15-16/18.2.16

ഡി.ഡി.നം/തീയ്യതി - 729599/25.2.16

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന് സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സ.ഉ(സാധാ).462/15/ത.സ്വ.ഭ.വ തീയ്യതി 16.2.15 പ്രകാരം ഉത്തരവായിരുന്നു. ഇതിനായി 65000/- രൂപ ചെലവഴിക്കുന്നതിന് സ.ഉ (സാധാ) 3206/14/ത.സ്വ.ഭ.വ തീയ്യതി 05.12.14 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തുക പിൻവലിച്ച് ഡി.ഡി യാക്കി ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സന് നൽകി. ടിയാൾ പ്രസ്തുത ഡി.ഡി കുടുംബശ്രീ ജില്ല മിഷനിലേക്ക് നൽകി.

ഓഡിറ്റ് നിരീക്ഷണങ്ങൾ.

1. 65000/- രൂപയുടെ ഡി.ഡി കുടുംബശ്രീ എക്സി.ഡയറക്ടർ കൈപ്പറ്റിയതിന്റെ രേഖ ഫയലിൽ ഇല്ല.
2. കുടുംബശ്രീ എക്സി.ഡയറക്ടറുടെ KS-K-6260/2014 തീയ്യതി 21.03.15 പ്രകാരം ഗ്രാമപഞ്ചായത്തും കുടുംബശ്രീ എക്സി.ഡയറക്ടറും കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഡോക്യുമെന്ററി ചിത്രം സി.ഡി യായി ലഭിച്ചിട്ടില്ല.

പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാല്ലാത്തതിനാൽ ചെലവ് തുക 65,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 വൃദ്ധ വികലാംഗർക്ക് സ്വയം തൊഴിൽ(പെട്ടിക്കട)-തുക

**ചെലവഴിച്ചിട്ടില്ല.**

പ്രോജക്ട് നം; - S-51/16

പ്രോജക്ടിന്റെ പേര് - വൃദ്ധ വികലാംഗർക്ക് സ്വയംതൊഴിൽ(പെട്ടിക്കട)

അടങ്കൽ - 1,00,000

ചെലവ് - 10,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ബിൽ നം./തിയ്യതി - 13/15-16/29.2.16

ഭിന്ന ശേഷിക്കാരായ വൃദ്ധർക്ക് ജീവിതോപാധി എന്ന നിലയ്ക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിന് ആനുകൂല്യം അനുവദിക്കുന്നതിന് 10 യൂണിറ്റുകൾ തുടങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എഗ്രിമെന്റ് വെച്ച ഒരു ഗുണഭോക്താവിന് വിതരണം ചെയ്യുന്നതിന് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി തുക വിതരണം ചെയ്തിട്ടില്ല. തുക തിരിച്ചടച്ച് വിവരം നൽകേണ്ടതാണ്. പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുക 10,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഒരേ ലക്ഷ്യത്തിന് വിവിധ പദ്ധതികൾ നടപ്പാക്കി.

ഭവന പുനരുദ്ധാരണം എന്ന പദ്ധതിക്ക് ഒന്നിൽ കൂടുതൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 47/16 | ഭവന പുനരുദ്ധാരണം(വാർഡ്-10) | 1,00,000 | 1,00,000 |
| 2 | 48/16 | ഭവന പുനരുദ്ധാരണം(വാർഡ്-9,11) | 4,28,000 | 4,00,000 |
| 3 | 49/16 | ഭവന പുനരുദ്ധാരണം(വാർഡ്-4) | 1,40,000 | 1,40,000 |
| 4 | 50/16 | ഭവന പുനരുദ്ധാരണം(വാർഡ്-7) | 4,00,000 | 4,00,000 |

പദ്ധതികൾ വാർഡ് തലത്തിൽ ആസൂത്രണം ചെയ്തത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ പ്രത്യേകമായി പദ്ധതി തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 3/15-16/26.12.16 നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-8 വിനിയോഗ വിവരം ലഭ്യമല്ല-18,70,285 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ പറയുന്ന പദ്ധതികൾക്ക് സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

| ക്രമ.നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽനം /തീയ്യതി | നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 4/16 | IAY(ജനറൽ) | 2,60,000 | 2,00,000 | 28/15-16 /27.1.16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | |
| 2 | 5/16 | IAY(എസ്.സി) | 20,000 | 20,000 | 17/15-16 /16.1.16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | |
| 3 | 6/16 | IAY(എസ്.ടി) | 5,85,000 | 5,85,000 | 38/15-16 /21.3.16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | |
| 4 | 7/16 | SSA(ജനറൽ) | 2,00,000 | 1,29,248 | 21/15-16 /16.1.16 | ജില്ലാ പ്രോജക്ട് ഓഫീസർ, SSA | |
| 5 | 8/16 | SSA(എസ്.ടി) | 1,00,000 | 1,00,000 | 18/15-16 /16.1.16 | ജില്ലാ പ്രോജക്ട് ഓഫീസർ, SSA | |
| 6 | 39/16 | കരിക്കലോട് കോളനി വൈദ്യുതീകരണം | 82,738 | 45,150 | 30/15-16 /27.1.16 | KSEB | |
| 7 | 188/16 | കുവപ്പാളി കുറിച്യ കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ | 92,000 | 91,885 | 24/15-16 /16.1.16 | KSEB | |
| 8 | 189/16 | നാട്ടിപ്പാറ,കുറിഞ്ഞിമ്മൽ കോളനി തെരുവ് വിളക്ക് സ്ഥാപിക്കൽ | 2,90,040 | 2,90,040 | 26/15-16 /16.1.16 | KSEB | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 208/16 | IAY(ജനറൽ) | 88,962 | 88,962 | 42/15-16 /31.3.16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | |
| 10 | 209/16 | IAY(എസ്.സി) | 3,20,000 | 3,20,000 | 43/15-16 /31.3.16 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | |
| | | ആകെ | | 1870285 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/15-16/29.12.16ന് മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ചെലവഴിച്ച തുക 18,70,285/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ആർജ്ജിതാവധി സറണ്ടർ -2,250അധികം അനുവദിച്ചു.

കേരള സർവ്വീസ് ചട്ടങ്ങൾ പാലിക്കാതെ കോൺട്രാക്ട് ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചു.

വൗച്ചർ നം. - 215000271/15.9.2015-9,000

ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്തതിന് 9,000/- രൂപ അനുവദിച്ചിട്ടുണ്ട്. കേരള സർവ്വീസ് ചട്ടങ്ങളിലെ അപ്പൻഡിക്സ്-VIII പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതനായ ഉദ്യോഗസ്ഥന് 15 ദിവസത്തെ ആർജ്ജിതാവധിക്ക് മാത്രമാണ് അർഹത. ജി.ഒ(പി).324/04/ധനം തീയ്യതി 12.7.04 പ്രകാരം കോൺട്രാക്ട്, സ്ഥിരം ജീവനക്കാർക്കും 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതിയുണ്ട്. എന്നാൽ ജി.ഒ(പി).145/06/ധനം തീയ്യതി 25.3.06 പ്രകാരം ആർജ്ജിതാവധി 30 ദിവസമായി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ(പി).47/06/ധനം തീയ്യതി 30.1.06 പ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിലെ അപ്പൻഡിക്സ്-VIII പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതനായ ഉദ്യോഗസ്ഥർക്ക് അതിന്റെ അടിസ്ഥാനത്തിലുള്ള ആർജ്ജിതാവധി മാത്രമേ സറണ്ടർ ചെയ്യാൻ അനുവദിക്കാവൂ. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.09.2015 ലെ എ2-5146/15 നം കത്ത് പ്രകാരം നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് സറണ്ടർ അനുവദിച്ചിട്ടുള്ളത്. കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 2,250/- രൂപ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 വൗച്ചറുകൾക്കൊപ്പം ബില്ലുകൾ/രേഖകൾ സമർപ്പിച്ചിട്ടില്ല- ചെലവ് തുക നിരാകരിക്കുന്നു.

വൗച്ചർ നം. - 21500385/30.10.15-32,700/-

2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടർ പട്ടിക അച്ചടിച്ചതിന് മാനന്തവാടി സഹ.പ്രസ്സിന് തുക നൽകുന്നതിനാണ് തുക പിൻവലിച്ചിട്ടുള്ളത്. വോട്ടർ പട്ടിക പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, പ്രസ്സിന് നൽകിയ വർക്ക് ഓർഡർ, പ്രസ്സിന്റെ അസ്സൽ ബിൽ എന്നിവ വൗച്ചറിനൊപ്പം സമർപ്പിച്ചിട്ടില്ല. ഓഫീസിലെ പ്രിന്ററിൽ നിന്നുമാണ് ഇതിന്റെ പകർപ്പ് എടുത്തിട്ടുള്ളത് എന്ന് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വൗച്ചർ നം.21500341/13.10.15 പ്രകാരം 1,837/- രൂപയുടെ 10 ബണ്ടിൽ, വൗച്ചർ നം.21500342/13.10.15 പ്രകാരം 3874/- രൂപയുടെ 20 ബണ്ടിൽ എന്നിങ്ങനെ ആകെ 5,711/- രൂപയുടെ 30 ബണ്ടിൽ പേപ്പർ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ പേപ്പറുകൾ ഇലക്ഷന്റെ ചുമതലയുള്ള ബി3 സെക്ഷന് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പേജ് നം.15 ൽ ബി3 സെക്ഷന് പേപ്പർ അനുവദിച്ചത് 29.05.15 നാണ്. ഇത്രയും പേപ്പറുകൾ വോട്ടർ പട്ടിക പ്രിന്റ് എടുത്തതിനാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും )ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ,കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്.മേൽ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.10/15-16/29.12.2016 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ മേൽ വ്യവസ്ഥകൾ പ്രകാരം ചെലവഴിച്ച തുക 32,700രൂപ നിരാകരിക്കുന്നു.

## 3-11 തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മുൻകൂർ തുക നൽകി-തുക ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നം. - 21500374/27.10.2015-5,000/-

2015 ലെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി ബൂത്ത് ക്രമീകരിക്കുന്നതിന് 5,000/- രൂപ മുൻകൂറായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് ക്രമീകരിച്ചിട്ടില്ല. 5000/- രൂപയുടെ ചെലവ് ക്രമീകരിച്ച് വിവരം

ഓഡിറ്റിന് നൽകേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തി-തുക തടസ്സപ്പെടുത്തുന്നു.

ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി സാധനങ്ങൾ വാങ്ങിയതിന് സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം/തീയ്യതി | തുക | ഇനം |
|---|---|---|
| 21500355/14.10.15 | 8,855 | ഓഫീസിലെ വെളിച്ചക്കുറവ് പരിഹരിക്കുന്നതിന് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പിൻവലിച്ച തുക |
| 21500356/14.10.15 | 5,901 | ഇലക്ഷൻ സംബന്ധിച്ച് രാത്രി കാലങ്ങളിൽ ജോലി ചെയ്യേണ്ടതതിനാൽ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിന് നൽകിയത് |
| 21500376/28.10.15 | 5,577 | ഓഫീസിലേക്ക് മൂന്ന് സീലിംഗ് ഫാൻ വാങ്ങി സ്ഥാപിച്ചതിനുള്ള ചെലവിന് നൽകാനുള്ളത് |

മേൽ വൗച്ചറുകൾ പ്രകാരം സാധനങ്ങൾ വാങ്ങിയതിന് ക്വട്ടേഷൻ വിളിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയ തുക 20,333/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 നെൽകൃഷി പ്രോത്സാഹനം കൂലിച്ചെലവ് നൽകൽ -സംയുക്ത പ്രൊജക്റ്റ് നടപ്പിലാക്കൽ -മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

2013-14 സാമ്പത്തിക വർഷം നെൽകൃഷി പ്രോത്സാഹനം കൂലിച്ചെലവ് നൽകൽ എന്ന പ്രോജക്ടുകൾ കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് വിഹിതം മാത്രം ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്റ്റ് നം. | വകയിരുത്തിയ തുക | ഫണ്ടിനം. | ചെലവ് | കൃഷി ചെയ്തഏരിയ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 10/2016 | 1,50,000/ | ജനറൽ | 1,50,000/ | 33.3334 | 74 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 13/2016 | 30,000/ | ടി-എസ്-സി | 30,000/ | 6.5 | 10 |

പ്രോജക്റ്റുകൾ പ്രകാരം വകയിരുത്തിയ തുകകൾ ഹെക്ടറിന് 4600/ രൂപ നിരക്കിൽ, ഹെക്ടറിന് ആനുപാതികമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ ക്രമനം. ഒന്നും, രണ്ടും പ്രകാരമുള്ള ജനറൽ, എസ് റ്റി പ്രോജക്റ്റുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ വിഹിതം ലഭിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നംമ്പർ | ജില്ലാ പഞ്ചായത്തിൽ ന്ന്നും ലഭിച്ച തുക | ചെക്ക് നമ്പർ/തിയ്യതി | ഇനം |
|---|---|---|---|
| 1 | 72,650/ | 005885/8-3-2016 | ജനറൽ |
| 2 | 29,250/ | 005892/8-3-2016 | എസ്.റ്റി |

ഈ തുകകളും ലഭ്യമായ മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ സംയുക്ത പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൽ പാലിച്ചിട്ടില്ല. ജി ഒ (ആർ ടി )നം. 192/201/ത.സ.ഭയവ തിയ്യതി 19-2-2010 കാണുക.

ഫയൽ പരിശോധച്ചതയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്ന

1.)ഗ്രാമ, ബ്ലോക്ക്, ജില്ലപഞ്ചായത്തുകൾ 60:15:25 എന്ന ആനുപാതത്തി ലാണ് തുക വകയിരുത്തേണ്ടത്. എന്നാൽ പ്രോജക്റ്റിൽ പഞ്ചായത്ത് വിഹിതം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2) പ്രോജക്റ്റ് നിർവ്വഹണം ഗ്രാമപഞ്ചായത്ത് ആയതിനാൽ, ജില്ലാ, ബ്ലോക്ക്പഞ്ചായത്തുകളുടെ വിഹിതം ഗ്രാമപഞ്ചായത്തിന് നൽകുകയും ഗ്രാമപഞ്ചായത്ത്ത്രിതല പഞ്ചായത്തുകളുടെ വിഹിതം ഒന്നിച്ചാണ് നിർവ്വഹണ ഉദ്ധ്യോഗസ്ഥന് നൽകേണ്ടത്. എന്നാൽ ജില്ലപഞ്ചായത്ത് വിഹിതം നേരിട്ട് ചെക്കായി നിർവ്വഹണ ഉദ്ധ്യോഗസ്ഥനാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പണം ദുര്യപയോഗത്തിന് ഇടവരാൻ സാതൃതയേറേയാണ്.

3)ഗ്രാമപഞ്ചായത്ത് വിഹിതത്തോടൊപ്പം ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ, നിർവ്വഹണ ഉദ്ധ്യോഗസ്ഥന് തുക വിതരണവുമായി ബന്ധപ്പെട്ട ജോലിഭാരം വർദ്ധിക്കുന്നു. ഏകീകൃത സ്വഭാവത്തോടെ തുക വിതരണം ചെയ്യാൻ കഴിയാതെ വരുന്നു.

സംയുക്ത പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ, പ്രോജക്റ്റിൽ പങ്കാളികളാകുന്ന

സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ, പ്രോജക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി യോഗം ചേർന്നതിന്റെ മിനിട്സും, തുക കൈമാറുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനവും ഉൾപ്പെടെയാണ് പ്രോജക്ട് സമർപ്പിക്കേണ്ടതും, മിനിട്സിന്റേയും, ഭരണമസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ജില്ല ആസൂത്രണസമിതി പ്രോജക്ടിന് അംഗീകാരം നൽകാനും പാടുള്ളൂവെന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ക്രമവിരുദ്ധമായി പ്രോജക്ട് തയ്യാറാക്കുകയും, നടപ്പിലാക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 സമഗ്ര കുരുമുളക് കൃഷി വ്യാപനം-കുരുമുളക് തൈ കൈപ്പറ്റ് വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നം. - 55/16

വകയിരുത്തിയ തുക - 2,00,000/- രൂപ. പ്ലാൻ ജനറൽ

ചെലവ് - 2,00,000/- രൂപ ബിൽ നമ്പർ 5/14-3-16

തൈ ഒന്നിന്റെ വില 10 രൂപ (ഗുണഭോക്തൃ വിഹിതം 2.50 രൂപ, സബസിഡി 7.50/- രൂപ). 26,667 തൈ മാനന്തവാടി ആതിര നേഴ്സറിയിൽനിന്നും വാങ്ങിയതിന്റെ വില 13 വാർഡുകളിലെ സമിതി കൾക്ക് വ്യത്യസ്ഥ ഡിഡികളിലായി നൽകി.സമിതി മുഖേനയാണ് തൈ വിതരണം നടത്തിയത്. ഫയൽ പരിശോധച്ചതയിൽ ഒന്നും,ഒൻപതും വാർഡുകളിലെ സമിതികൾ മാത്രമാണ് തൈ വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയത്. അവശേഷിക്കുന്ന പതിനൊന്ന് വാർഡുകളിൽ തൈ വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-15 മണ്ണിട്ട് നികത്തൽ -കട്ട് ചെയ്ത മണ്ണ് ഉപയോഗിച്ചില്ല

നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ -അസി. എക്സി.എൻജിനിയർ

പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മഞ്ഞപല്ലൻ കോളനി നടപ്പാത അഭിവൃത്തിപ്പെടുത്തൽ |

| | |
|---|---|
| | |
| പ്രജക്റ്റ് നമ്പർ | 102/15 |
| അടങ്കൽ | 1,00,000(മെ.ഗ്രാന്റ്) |
| സാങ്കേതികാനുമതി | 449/14-15തിയ്യതി 19-9-2014 |
| കോൺട്രാക്ടർ | കെ.ബി .സിയാബ് |
| എഗ്രിമെൻറ് നമ്പർ | 17/14-15തിയ്യതി13-12-14 |
| എം ബുക്ക് നം. | 10/15-16 |
| പൂർത്തികരണ കാലാവധി | 30-3-2015 |
| പൂർത്തികരിച്ചത്/ചെക്ക് മെഷർ ചെയ്തത് | 30-7-15 |
| ചെലവ് | 98,464/രൂപ |
| ബിൽ നമ്പർ | 8/30-30-7-15 |

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ഒന്നാം ഇനമായി സൈഡ് വാൾ നിർമ്മാണത്തിനുള്ള ഫൗണ്ടേഷന് 14m3 മണ്ണ് കട്ട് ചെയ്തു. ചെലവ് 2.338/- രൂപ (@1670/10m3)

നാലാം ഇനമായി 74.25m3 മണ്ണ്കൊണ്ടുവന്ന് നിറച്ചിട്ടുണ്ട്. ഇതിൽ നിന്നും, 15% കൺസോളിഡേഷൻ ഇനത്തിൽ കുറവ് വരുത്തി (74.25m3-11.14m3=63.11m3) 63.11m3

മണ്ണ്കൊണ്ടുവന്ന് നിറച്ചതിന് 20,908/- രൂപ (@ 3313/10m3)ചെലവ് വന്നിട്ടുണ്ട്. എസ്റ്റിമേറ്റിൽ കൊണ്ടുവന്ന് നിറച്ച മണ്ണിന്റെ അളവിൽ നിന്നും ഒന്നാം ഇനമായി ഫൗണ്ടേഷന് കട്ട് ചെയ്ത മണ്ണ് കുറവ് വരുത്തിയിട്ടുണ്ട്. കട്ട് ചെയ്ത മണ്ണ് ഉപയോഗപ്രദമല്ലെന്ന് എം ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചുവടെ പറയുംവിധം തുക അധികം നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ മണ്ണിട്ട് നികത്തിയതിന്റെ അളവ് | 74.25m3 |
| എസ്റ്റിമേറ്റിലെ4-ം ഇനമായി കൊ<br>ണ്ടുവന്ന് നിറച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യ്തത് 15%(കൺസോളിഡേഷൻ) | 74.25m3x15%=11.14m3<br>(74.25m3—11.14m3=63.11m3) |
| അനുവദിച്ചതുക | 63.11m3x3313/10m3=20,908/- |
| അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു | |
| ആകെ മണ്ണിട്ട് നികത്തിയതിന്റെ അളവ്<br>-കുറയ്ക്കുക<br>15%കൺസോളിഡേഷൻ<br>-കുറയ്ക്കുക<br>ഫൗണ്ടേന് കട്ട് ചെയ്ത മണ്ണ് | 74.25m3- 11.14m3= 63.11m3<br><br>63.11m3-14m3= 49.11m3 |
| അനുവദിക്കാവുന്ന തുക | 49.11m3x@3313/10m3=16,270/രൂ |
| അധികം നൽകിയത് | (20,908- 16,270) 4,638/രൂപ |

പരാമർശ്ശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(6/28-12-2016) മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ തുക 4,638/- രൂപ ഓഡിറ്റിൽ അനുവദനീയമല്ല.

## 3-16 ടെണ്ടർ കുറവ് സ്വീകരിച്ചില്ല.നഷ്ടം 7,950 / രൂപ

നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ -അസി. എക്സി.എൻജിനിയർ

പ്രോജക്റ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഓടമ്പം പൊയിൽ റോഡ് മെറ്റലിംഗ് |
| പ്രജക്റ്റ് നമ്പർ | 70/15 |
| അടങ്കൽ | 1,50,000/- (പ്ലാൻ ജനറൽ) |
| സാങ്കേതികാനുമതി | 751/14-15 തിയ്യതി 19-9-2014 |
| കോൺട്രാക്ടർ | കൽപ്പറ്റ ലേബർ കോൺട്രാക്ടർ സൊസൈറ്റി |
| എഗ്രിമെൻറ് നമ്പർ | 21/14-15 തിയ്യതി 23-12-14 |
| എം ബുക്ക് നം. | 21/15-16 |
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല. |
| പൂർത്തികരിച്ചത്/ചെക്ക് മെഷർ ചെയ്തത് | 7-9-15 |
| ചെലവ് | 1,36,950/- രൂപ |
| ബിൽ നമ്പർ | 23/14-12-15 |

ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയ്ക്ക് ചുവടെ പറയും വിധം ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്.

| ക്ര.നം. | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | രഞ്ജിത്ത് കെ | 2.8% കുറവ് |
| 2 | ഒ.കെ ഷാജു | 12% കുറവ് |
| 3 | കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റി | 8.7% കുറവ് |
| 4 | പ്രകാഷ് ജോസ് | 14% കുറവ് |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ.

1) ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്തത് (14%)പ്രകാശ് ജോസ്. എന്നാൽ സ്വീകരിച്ചത് കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ 8.7% ക്വാട്ട് ചെയ്ത ടെണ്ടർ. ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്തത ടെണ്ടർ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 7950/- രൂപ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 1,50,000/- രൂപ

ടെണ്ടർ കുറവ് വരുത്തേണ്ടത് 14% കുറവ് - 21,000

കുറവ് വരുത്തിയത് 8.7% കുറവ് - 1,30,50

-----------------

ആധികം - 7,950

ഓഡിറ്റ് എൻക്വയറി നമ്പർ 7/27/12/2016 പ്രകാരം രേഖാമൂലം വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും. ലഭ്യമാക്കിയിട്ടില്ല.

## 3-17 കോളനി നടപ്പാത നിർമ്മാണം-എസ്റ്റിമേറ്റിൽ ഉൽപ്പെട്ട പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ - അസി. എക്സി.എൻജിനിയർ

പ്രോജക്റ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുഴിക്കാട് കോളനി നടപ്പാത നിർമ്മാണം |

| | |
|---|---|
| പ്രജക്റ്റ് നമ്പർ | 88/16 |
| അടങ്കൽ | 2,90,000/- (ടി എസ് പി) |
| സാങ്കേതികാനുമതി | 779/15-16തിയ്യതി 17-8-2015 |
| കോൺട്രാക്ടർ | കെ.ബി .സിയാബ് |
| എഗ്രിമെൻറ് നമ്പർ | 32/15-16തിയ്യതി13-10-15 |
| എം ബുക്ക് നം. | 53/15-16 |
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല. |
| പൂർത്തികരിച്ചത്/ചെക്ക് മെഷർ ചെയ്യത് | 10-3-16 |
| ചെലവ് | 2,89,124/-രൂപ |
| ബിൽ നമ്പർ | 55/3-10-7-1 |

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പ്രവൃത്തികൾ.

36.30 മീറ്റർ നീളത്തിൽ നടപ്പാതയുടെ സൈഡ് കെട്ടി അതിന് മീതെ കോൺക്രീറ്റ് ചെയ്ത് 36.30 മീറ്റർ നീളത്തിലും,1.5 മീറ്റർ വീതിയിലും 1മീറ്റർ കനത്തിലും മണ്ണ് നിറയ്ക്കൽ.

ഫയൽ പരിശോധിച്ചതിൽ സൈറ്റ്മാപ്പിലും സൈഡ്കെട്ടി മണ്ണ് ഫില്ലിംഗ് ആണ് രേഖപ്പെടുത്തിയത്. എന്നാൽ എം ബുക്കിൽ ഐറ്റം നമ്പർ അഞ്ചായി ചെയ്യേണ്ട മണ്ണ് നിറയ്ക്കൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികൂടി ഉൽപ്പെടുത്തിയാണ് ടെണ്ടർ വിളിച്ചതും. പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 എഗ്രിമെന്റ് വെക്കാൻ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

2015-16സാമ്പത്തിക വർഷം അസി.എഞ്ചിനിയർ നടപ്പാക്കിയ ചുവടെ പറയുന്ന പ്രോജക്റ്റുകൾ പരിശോധിച്ചതിൽ, ടെണ്ടർ സ്വീകരിച്ചതിന് ശേഷം എഗ്രിമെന്റ് വെയ്ക്കാൻ കാലതാമസം വന്നിട്ടുണ്ട് വിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തെങ്ങുംകണ്ടി വാവാട്ടി റോഡ് റീടാറിംഗ് |
| പ്രജക്റ്റ് നമ്പർ | 112/16 |
| അടങ്കൽ | 4,00,000( പ്ലാൻ ജനറൽ ) |
| സാങ്കേതികാനുമതി | 672/15-16തിയ്യതി 30-7--2015 |
| കോൺട്രാക്ടർ | വി.പി സെയ്തലവി |
| ടെണ്ടർ ലഭിച്ചത് | 18-9-2015 |
| എഗ്രിമെൻറ് നമ്പർ | 35/15-16തിയ്യതി28-12-15 |
| എം ബുക്ക് നം. | 31/15-16 |
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല. |
| പൂർത്തികരിച്ചത്/ചെക്ക് മെഷർ ചെയ്തത് | 1-2-16 |
| ചെലവ് | 4,00,000/- രൂപ |
| ബിൽ നമ്പർ | 30/12-2-16 |
| പി എ സി | 3,98,514/- രൂപ |

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അപ്പണവയൽ വാവാടി റോഡ് റീ ടാറിംഗ് |
| പ്രജക്റ്റ് നമ്പർ | 114/16 |
| അടങ്കൽ | 2,00,000/- ( പ്ലാൻ ജനറൽ ) |
| സാങ്കേതികാനുമതി | 669/15-16തിയ്യതി 30-7--2015 |
| കോൺട്രാക്ടർ | വി.പി സെയ്തലവി |
| ടെണ്ടർ ലഭിച്ചത് | 18-9-2015 |
| എഗ്രിമെൻറ് നമ്പർ | 36/15-16തിയ്യതി5-1-16 |

| | |
|---|---|
| എം ബുക്ക് നം. | 30/15-16 |
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല. |
| പൂർത്തികരിച്ചത്/ചെക്ക് മെഷർ ചെയ്തത് | 29-1-16 |
| ചെലവ് | 1,91,738/- രൂപ |
| ബിൽ നമ്പർ | 28/12-2-16 |
| പി എ സി | 1,98,464/- രൂപ |

ഫയൽ പരിശോധിച്ചതിൽ, സെലക്ഷൻ നോട്ടീസിലും, വർക്ക് ഓർഡറിലും, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ പതിനാല് ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. പതിനാല് ദിവസത്തിനകം കരാറുടമ്പടി വെച്ചിട്ടില്ലെങ്കിൽ പി എ സി യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വെക്കാവുന്നതാണ്. പതിനാല് ദിവസവും, പിഴയോടു കൂടിയ പത്ത് ദിവസവും കഴിഞ്ഞും, കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കി ഇ എം ഡി കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരം മറ്റു നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഇത് പൊതുമരാമത്ത് വകുപ്പ് മാനുവലിന്റെ (ജി ഒ.(പി) 13/2012/PWD/01-02-2012) ലംഘനമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/29-12-2016) മറുപടി ലഭിച്ചിട്ടില്ല.

ആയതിനാൽ പിഴയിനത്തിൽ ഈടാക്കേണ്ട തുക 5,970/- രൂപ (1,985+3,985) ഉത്തരവാദിയായ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംബർ | മുൻകൂർ നല്കിയതുക | ചെലവഴിച്ചതുക | ബാക്കിയുഴള്ളതുക |
|---|---|---|---|---|---|
| കെ എസ്.ഇ.ബി | - | - | 82378/- | 45150/- (പൂർത്തികരിച്ച) | 37588/- |
| കെ എസ്.ഇ.ബി | - | - | 42000/- | 91885/- (പൂർത്തികരിച്ച) | 115/- |
| കെ എസ്.ഇ.ബി | - | - | 290040/- | 290040/- (പൂർത്തികരിച്ച) | -------- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം എസ് ലോൺ | സ.ഉ(എം.എസ്) നം/428/2010 തസ്വഭവ തീയതി62.10 | 945485 | 945485 | 359376 | 160755 | 115873 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2015-16 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 204124/- |
| തൻവർഷം നിക്ഷേപിച്ച തുക | ---- |
| ആകെ | 204124/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 4124/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 200000/- |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| | 200000 |
| ആകെ | 200000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 2,82,80,222 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 3,66,86,244 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57,508 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21,82,756 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4000 | ഡോ.നസ്റുൾ ഇസ്ലാം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-9 | | 2250 | ശ്രീ.എൻ.എ.ജയരാജൻ<br>സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-10 | | 32700 | ശ്രീ.എൻ.എ.ജയരാജൻ<br>സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-15 | | 4638 | ശ്രീ.മുനവർ, അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-16 | | 7950 | ശ്രീ.മുനവർ, അസി.എഞ്ചിനീയർ |
| 3-18 | | 5970 | ശ്രീ.മുനവർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9,479 | ഡോ.നസ്രുൾ ഇസ്ലാം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-2 | 1,49,959 | ഡോ.നസ്രുൾ ഇസ്ലാം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-3 | 52,700 | ഡോ.നസ്രുൾ ഇസ്ലാം<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-5 | 65,000 | ശ്രീ.റെനിൽ റോക്കി, വി.ഇ.ഒ |
| 3-6 | 10,000 | ശ്രീ.റെനിൽ റോക്കി, വി.ഇ.ഒ |
| 3-7 | 18,70,285 | ശ്രീ.സി.കുട്ടൻ, സെക്രട്ടറി |
| 3-11 | 5,000 | ശ്രീ.എൻ.എ.ജയരാജൻ<br>സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-12 | 20,333 | ശ്രീ.എൻ.എ.ജയരാജൻ<br>സെക്രട്ടറി ഇൻ ചാർജ്ജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ക്രമ.നം | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.നസ്രുൾ ഇസ്ലാം<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,പി.എച്ച.സി<br>വെങ്ങപ്പള്ളി | ചീരക്കളത്തിൽ<br>പുളിക്കൽ<br>മലപ്പുറം |
| 2 | ശ്രീ.എൻ.എ.ജയരാജൻ<br>സെക്രട്ടറി ഇൻ ചാർജ്ജ് | ജൂനിയർ സൂപ്രണ്ട്<br>പെർഫോർമൻസ് ഓഡിറ്റ് വിഭാഗം,പനമരം | കല്ലുമൊട്ടംകുന്ന്<br>മാനന്തവാടി |
| 3 | ശ്രീ.മുനവർ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | നസ് ല മൻസിൽ<br>കാപ്പംകൊല്ലി<br>മേപ്പാടി പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1988-89, | LF(W)P3 759/00 2.7.04 | |
| 1989-90 | LF(W)P3 759/00 2.7.04 | |
| 1990-91 | LF(W)P3 585/98 2.7.04 | |
| 1996-97 | LF(W)P3/260 /98 9.6.99 | |
| 1997-98 | LF(W)P3/759/00 13.5.02 | |
| 1999-00 | LF(W)P3/27 /02 2.7.04 | |
| 2000-01 | LF(W)P3/134 /02 10.6.05 | |
| 2001-02 PLAN | LF(W)P3/569 /03 3.8.06 | |
| 2001-02 | LF(W)P1/93 /07 25.3.10 | |
| 2002-03 | LF(W)P1/543 /09 10.8.09 | |
| 2003-04 | LF(W)P1/911 /08 20.3.13 | |
| 2004-05 | LF(W)P1/777 /09 6.12.09 | |
| 2005-06 | LF(W)P1/409 /09 11.6.13 | |
| 2006-07 | LF(W)P1/272 /11 13.9.11 | |
| 2007-08 | LF(W)P1/822 /10 12.4.2012 | |
| 2008-09 | LF(W)P1/823 /10 17.5.13 | |
| 2009-10,<br>2010-11 | LF(W)P1/576 /12 4.9.12 | |
| 2011-12 | LF(W)P1/496 /13 27.12.13 | |
| 2012-13,2013-14, | LF(W)P1/902 /14 7.1.15 | |
| 2014-15 | K.S.A(WYD)P1-278/16-14.06.2016 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-11/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

തിയ്യതി: 17/1/2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

KSA- wyd .P1-11/2017

Kerala State Audit Department

District Audit Office, Wayanad

Dated: 17/1/2017

CERTIFICATE

Certified that I have examined the Annual Financial Statement of VENGAPPALLY GRAMAPANCHAYAT in WYANAD District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of VENGAPPALLY GRAMA PANCHAYAT in WYANAD for the year 2015-16 except the observations in my audit report properly present the picture of income and expenditure.

Deputy Director,
District Audit Office,Wayanad.